

FRIDAY 23/01/2026 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/01/2026

1. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (SMAM) പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. 2025-2026 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ ഭാഗമായി പ്രവർത്തിക്കുന്ന കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(ATIC) ജൈവ ഉത്പാദനോപാദികൾ വിൽപ്പനയ്ക്ക്. അയർ, അയർ അറ്റിക്, അസോസ്പൈറില്ലം, അസൊട്ടോബാക്റ്റർ, ബിവേറിയ, വാഴയ്ക്ക് ഉപയോഗിക്കുന്ന ജൈവ ജീവാണു നിയന്ത്രണ മിശ്രിതം, പച്ചക്കറികൾക്ക് ഉപയോഗിക്കുന്ന ജൈവ ജീവാണു നിയന്ത്രണ മിശ്രിതം, ജൈവവളക്കൂട്ട്, ജൈവ ഉദ്യാന മിശ്രിതം, ചകിരിച്ചോറ് അടിസ്ഥാനപ്പെടുത്തിയുള്ള ഇനോക്കുലം, ചകിരിച്ചോർ കമ്പോസ്റ്റ്, തുള്ളിനന കിറ്റ്, ഇ എം ലായനി, സമ്പുഷ്ടീകരിച്ച ഉണക്ക ചാണകം, മിശ്രിതം നിറച്ച ഗ്രോ ബാഗ്, ഫിഷ് അമിനോ ആസിഡ്, ഗോമൂത്രം, ജീവാമൃതം, കവജ്, സ്യൂഡോമോണാസ് ലായനി, ട്രൈക്കോഡർമ ലായിനി, മെറ്റാറൈസിയം, മൈക്രോസോൾ, മൈക്രോ -സ്പ്രിംഗ്ലർ കിറ്റ്, നന്മ, വേപ്പ് -വെളുത്തുള്ളി - മുളക്സോപ്പ്, തുടങ്ങിയവ നിലവിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കായി 0487-2370540, 0487-2371340 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

3. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ അഗ്രോണമി/സോയിൽസ് ഡിവിഷനിൽ 'അനലിറ്റിക്കൽ ട്രെയിനി' യെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഏഴുത്തുപരീക്ഷയും അഭിമുഖവും നടത്തുന്നു. അപേക്ഷകർക്ക് രസതന്ത്രത്തിൽ ബിരുദാനന്തരബിരുദവും സോയിൽ/ പ്ലാന്റ് അനാലിസിസ്, ഫീൽഡ് ഡേറ്റ കളക്ഷൻ, ഡേറ്റാ പ്രോസസ്സിങ് എന്നിവയിൽ ഒരു വർഷത്തെ പ്രവർത്തിപരിചയവും ഉണ്ടായിരിക്കണം. പ്രായം 2026 ജനുവരി 01-ന് 30 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിലെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ഡയറക്ടർ മുമ്പാകെ 2026 ജനുവരി 29-ന് രാവിലെ 9.30ന് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവർത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

## പരിശീലന പരിപാടി

4. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"പശു വളർത്തൽ"** എന്ന വിഷയത്തിൽ 29/01/2026 മുതൽ 30.01.2026 വരെ മൃഗസംരക്ഷണ പരിശീലന കേന്ദ്രം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491– 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

## കാർഷിക നിർദേശം

5. കുരുമുളകിന്റെ കൊടിത്തലകൾ മുറിച്ചെടുത്ത് വേര് പിടിപ്പിക്കാനായി തവാരണകളിൽ നടേണ്ട സമയമാണിത്. നല്ല വിളവ് തരുന്ന ആരോഗ്യമുള്ള തായ്വള്ളികളിൽ നിന്ന്കുറഞ്ഞത് മൂന്ന്മുട്ടുകളെങ്കിലുമുള്ള വള്ളികൾ വേണം തൈകൾക്ക് വേണ്ടി ശേഖരിക്കാൻ. നടീൽ മിശ്രിതം തയ്യാറാക്കുമ്പോൾ സ്യൂഡോമോണസ് ചേർക്കുന്ന തൈകൾ പെട്ടെന്ന്വളരുന്നതിനും രോഗ പ്രതിരോധശേഷിലഭിക്കുന്നതിനും സഹായകമാണ്. പെട്ടെന്ന് വേര് പിടിച്ചുകിട്ടുന്നതിനായി ഹോർമോൺ ചികിത്സയും നടത്താം. ഒരു ഗ്രാം ഇൻഡോൾ ബ്യൂട്ടറിക് ആസിഡ് അൽപം ആൾക്കഹോളിൽ ലയിപ്പിച്ച്, വെള്ളം ചേർത്ത് ഒരു ലിറ്ററാക്കുക. തണ്ടുകളുടെചുവടറ്റം ഈ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലായനിയിൽ 45 സെക്കന്റ്സമയം മുക്കിയ ശേഷം നടാം. കന്നുകൾ 10-15 ദിവസം തണലത്ത് വക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം